CNo:09/2018

# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

## ദൈവകൃപയാൽ

## തുമ്പമൺ ഭദ്രാസന ഇടവകയുടെ

# കുറിയാക്കോസ് മാർ ക്ലീമിസ് മെത്രാപ്പോലിത്തായിൽ നിന്നും

MALANKARA ORTHODOX CHURCH
Diocese of Thumpamon
Kuriakose Mar Clemis 2009
CATHOLICATE OF THE EAST

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളിക്കമ്മറ്റിക്കാരും പ്രിയ വിശ്വാസികളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്,

പ്രിയരേ,

നമ്മുടെ ഭദ്രാസനത്തിന്റെ ഉടമസ്ഥതയിൽ കോന്നിയിൽ താവളപ്പാറ സെന്റ് തോമസ് സെന്ററിനോട് അനുബന്ധിച്ച് 2012 ൽ ആരംഭിച്ച സെന്റ് തോമസ് കോളജ് ചുരുങ്ങിയ കാലം കൊണ്ട് സ്വാശ്രയ മേഖലയിലെ മികച്ച കോളജായി ഉയർന്നു കാണുന്നതിൽ സന്തോഷിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. മികച്ച അധ്യാപനം കൊണ്ടും അച്ചടക്കം കൊണ്ടും ഉയർന്ന പഠന നിലവാരത്തിലും ഈ സ്ഥാപനം ഏവരുടെയും ശ്രദ്ധ ആകർഷിക്കുന്നു. പ്രകൃതി രമണിയതകൊണ്ടും സുഖകരമായ കാലാവസ്ഥ കൊണ്ടും ഏറ്റം മനോഹരമായ സ്ഥലത്തുള്ള ഈ കോളജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ട എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കികൊടുക്കുവാൻ നമുക്ക് സാധിച്ചു. വലിയ സാമ്പത്തിക ബാധ്യത ഈ കാര്യത്തിൽ നേരിടുന്നു എങ്കിലും സാമൂഹിക പ്രതിബദ്ധത നിറവേറ്റുന്നത് ക്രൈസ്തവ ധർമ്മമാണെന്ന ബോധ്യത്തോടുകൂടെ പ്രവർത്തിക്കുന്നു.

2018-19 അധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ നടപടികൾ ആരംഭിച്ചു. ആയതിലേക്ക് ചിലകാര്യങ്ങൾ ഏവരുടെയും അറിവിലേക്ക് പ്രസ്താവിക്കുന്നു. ഈ കോളേജ് വളർത്തിക്കൊണ്ട് വരേണ്ടത് നമ്മുടെ ഉത്തരവാദിത്തവും ചുമതലയുമാണ്. നമ്മുടെ ഇടവകളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും വിദ്യാർത്ഥികളെ ഇവിടെ അഡ്മിഷൻ എടുക്കുന്നതിനു പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടത് നമ്മുടെ കടമയാണെന്ന് നാം നിങ്ങളെ ഓർമിപ്പിക്കുന്നു. എം ജി യൂണിവേഴ്സിറ്റി അഡ്മിഷൻ സൈറ്റിൽ CAPൽ B. Com Model II FT, B. Com Model II CA, BBA, BCA, BA English Model II Language & Literature, M. Com Finance എന്നി കോഴ്സുകൾക്കായി സെന്റ് തോമസ് കോളേജ് താവളപ്പാറ കോന്നി എന്ന് രജിസ്റ്റർ ചെയ്യുവാൻ വിദ്യാർത്ഥികൾക്ക് നിർദ്ദേശം നൽകണം. ഈ കൽപ്പനയോടൊപ്പം അയച്ചു തരുന്ന ബ്രോഷർ ഏവരുടെയും അറിവിലേക്കായി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുവാൻ ശ്രദ്ധിക്കണം.

ദ്രാസനത്തിന്റെ ഒരു പ്രധാനപ്പെട്ട പ്രസ്ഥാനം എന്ന നിലയിൽ അഭിവൃദ്ധിയിലേക്കു വളരുന്ന ഈ സ്ഥാപനത്തിന്റെ പുരോഗതി നമ്മുടെ കടമയായി കണ്ട് വേണ്ട കൈത്താങ്ങലുകൾ നൽകുന്നതിന് ഏവരോടും പ്രാർത്ഥനാപൂർവ്വം ആവശ്യപ്പെടുന്നു.

ശേഷം കാര്യങ്ങൾ പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരുടേയും മേൽ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

2018 ഏപ്രിൽ മാസം 25-ാം തീയതി

എന്ന്,

ബേസിൽ അരമനയിൽനിന്നും

Kuriakose
Mar Clemis